LIBRARY ARCHIVES Kerala Legislative Assembly

നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ

208(5367) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ തെരുവ് വിളക്കുകൾക്കായുള്ള ലൈൻ വലിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ എത്ര രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നുള്ള വിവരം തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ കടപ്പുറം പഞ്ചായത്തിന്റെ പരിധിയിൽ തെരുവ് വിളക്കുകൾക്കായുള്ള ലൈൻ വലിക്കുന്നതിനും മറ്റു പ്രവൃത്തികൾക്കുമായുള്ള എസ്റ്റിമേറ്റ് തുകയായ 13,96,129 രൂപയിൽ 12 ലക്ഷം രൂപ അടവാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ബി) ഗുരുവായൂർ മണ്ഡലത്തിൽ നിലാവ് പദ്ധതിയിലുൾപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരം അറിയിക്കുമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട ഒരുമനയൂർ, പുന്നയൂർ എന്നീ പഞ്ചായത്തുകളിൽ 500 LED തെരുവ് വിളക്കുകൾ വീതം സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. വടക്കേക്കാട് പഞ്ചായത്തിൽ 450 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ബാക്കി 50 എണ്ണം ഇനിയും സ്ഥാപിക്കുവാനുണ്ട്.

ആദിവാസി കോളനികളിലെ വൈദ്യുതീകരണം

209(5368) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇനിയും വൈദ്യുതീകരണം പൂർത്തിയാക്കാത്ത എത്ര ആദിവാസി കോളനികളുണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ, തേര, വാരിയം, ഉറിയം പെട്ടി, കോട്ടകുത്ത്, പെരുവാര, ഞണ്ടുകുളം എന്നീ 8 ആദിവാസി കോളനികളുടെ വൈദ്യുതീകരണം നടത്തിയിട്ടില്ല.

(ബി) ആദിവാസി കോളനികളിൽ വൈദ്യുതീകരണം എത്താത്തതിനാൽ കുട്ടികളുടെ ഓൺലൈൻ പഠനമടക്കം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.